# സ്വന്തം പ്രചാരണത്തിലൂടെ വിലയ്ക്കു വാങ്ങുന്ന അപകടം

**അരുൺ ജയ്റ്റ്ലി**
പ്രതിപക്ഷ നേതാവ്, രാജ്യസഭ

കഴിഞ്ഞ കുറേ മാസങ്ങളായി വോട്ടർമാർക്കിടയിൽ കോൺഗ്രസിന്റെ ജനസമ്മതി കുറഞ്ഞുവരികയാണ്. വോട്ടർമാർക്ക് കോൺഗ്രസിനോടുള്ള എതിർപ്പ് കൂടുന്തോറും കോൺഗ്രസിന്റെ പ്രചാരണവും രൂക്ഷമാകുന്നു. ഭാരത് നിർമ്മാൺ പരസ്യങ്ങൾക്ക് ഗവൺമെന്റിന്റെ ഫണ്ടിൽ നിന്നും കോടികളാണ് ചെലവഴിക്കുന്നത്. ആവശ്യത്തിനുള്ള സാമ്പത്തിക പിൻബലവും ഭരണപരമായ സംവിധാനവും നൽകാതെ ജനങ്ങൾക്ക് നിയമപരമായ അവകാശങ്ങൾ മാത്രമാണ് നൽകുന്നതെങ്കിൽ അവ വെറും സാങ്കല്പികം മാത്രമായിരിക്കും. എന്നിട്ടും അവകാശങ്ങൾക്കു നൽകുന്ന പ്രചാരണം വളരെ വലുതാണ്. എന്നാൽ, ഈ അവകാശങ്ങൾകൊണ്ട് ഗുണം ലഭിക്കുന്നത് കോൺഗ്രസുകാർക്കാണ്.

മിക്ക കോൺഗ്രസുകാരുടെയും വിശ്വാസം തങ്ങൾ ഭരിക്കാൻ വേണ്ടി ജനിച്ചവരാണെന്നാണ്. തീർച്ചയായും കോൺഗ്രസിന്റെ ആദ്യ കുടുംബം ഇങ്ങനെയാണ് വിശ്വസിച്ചിരുന്നത്. അവർ ഇന്ത്യയുടെ 'ഹൃദയ'ത്തിലും 'ആശയ'ങ്ങളിലും വിശ്വസിച്ചപ്പോൾ അവർക്കു നഷ്ടമായത് ഇന്ത്യയിലെ വോട്ടായിരുന്നു.

എന്താണ് 'ഇന്ത്യയുടെ ആശയം?' ഇന്ത്യയിലെ പ്രശസ്തനായ ഒരു രാഷ്ട്രീയ ശാസ്ത്രജ്ഞന്റെ പുസ്തകത്തിന്റെ തലക്കെട്ടാണത്. വിവിധ ആദർശങ്ങളുള്ള ഒരു സമൂഹത്തിൽ, ഓരോ സമൂഹത്തിനും ഓരോ സാമ്പത്തിക ചിന്തകനും തങ്ങൾക്കു ചേരുന്ന വിധത്തിലുള്ള കാഴ്ചപ്പാടുകൾ 'ഇന്ത്യ എന്ന ആശയ'വുമായി കൂട്ടിച്ചേർക്കാം. 'ഇന്ത്യ എന്ന ആശയം' തങ്ങളുടെ പകർപ്പവകാശമായി കോൺഗ്രസ് പാർട്ടി ചിത്രീകരിക്കുമ്പോൾ എന്താണ് 'ഇന്ത്യയുടെ ആശയം' എന്നുകൂടി അവർ വ്യക്തമാക്കണം.

ജമ്മുകാശ്മീരിനോടുള്ള നെഹ്റുവിന്റെ കാഴ്ചപ്പാടും 1962-ൽ സംഭവിച്ച ഹിമാലയൻ വിഡ്ഢിത്തവും ഒരിക്കലും 'ഇന്ത്യയുടെ ആശയ'ങ്ങളിൽ ഉൾപ്പെടുന്നവയല്ല. നെഹ്റുവിന്റെ ഭരണസമയത്ത് നമ്മുടെ ഭൂപ്രദേശം ചൈനയും പാകിസ്ഥാനും പിടിച്ചെടുത്തത് ഒരു കാരണവശാലും 'ഇന്ത്യയുടെ ആശയ'മായി ഞാൻ കരുതുന്നില്ല. അടിയന്തരാവസ്ഥക്കാലത്തെ ഇന്ദിരാഗാന്ധിയുടെ ഏകാധിപത്യം 'ഇന്ത്യയുടെ ആശയ'മായി ഞാൻ വിശ്വസിക്കുന്നില്ല. നിയമവ്യവസ്ഥയുടെ പേരിൽ ജഡ്ജിമാരുടെ അധികാരം കുറയ്ക്കൽ, പത്രമാധ്യമങ്ങളെ സെൻസർ ചെയ്യൽ തുടങ്ങിയവ 'ഇന്ത്യയുടെ ആശയ'ത്തിൽ ഉൾപ്പെടുന്നവയല്ല. എന്റെ അഭിപ്രായത്തിൽ 1984-ലെ സിക്ക് കൂട്ടക്കൊല ഒരിക്കലും 'ഇന്ത്യയുടെ ആശയ'മല്ല. ബോഫോഴ്സ് അഴിമതി, അന്തർവാഹിനി കരാർ, എം.പി.മാരുടെ കോഴക്കേസ്, വോട്ടിന് പണം, ടുജി അഴിമതി തുടങ്ങിയവയും 'ഇന്ത്യയുടെ ആശയ'ത്തിൽ ഉൾപ്പെടുകയില്ല.

തിരഞ്ഞെടുപ്പ് യഥാർത്ഥ വസ്തുതകളിൽ അധിഷ്ഠിതമാണ്. അല്ലാതെ സൃഷ്ടിക്കപ്പെട്ടവയിലല്ല. വർത്തമാനകാല രാഷ്ട്രീയ സാഹചര്യങ്ങളിൽ നിന്നാണ് യഥാർത്ഥ പ്രശ്നങ്ങൾ വാർത്തെടുക്കുന്നത്. ഭരണത്തിലുണ്ടാകുന്ന പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ മാറ്റുന്നതിലൂടെ ആദർശപരമായ സംവാദങ്ങൾ പൂർണ്ണമാക്കാനാകില്ല.

## ക്യാപ്ടനോട് ഒരു ചോദ്യം

അമൃത്സർ പാർലമെന്റ് നിയോജകമണ്ഡലത്തിൽ ഉയർന്നുവന്ന പ്രധാന ചോദ്യം വസ്തുക്കളുടെ മേലുള്ള നികുതിയെ സംബന്ധിച്ചുള്ളതായിരുന്നു. എങ്ങനെ ഈ നികുതി സമ്പ്രദായം നിലവിൽ വന്നു? 2006 ഡിസംബർ 8ന് , 2007 ഫെബ്രുവരിയിലെ തിരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനു തൊട്ടുമുമ്പ് അന്നത്തെ മുഖ്യമന്ത്രി ക്യാപ്ടൻ അമരിന്ദർ സിംഗും അമൃത്സർ മുനിസിപ്പൽ കോർപ്പറേഷൻ മേയർ സുനിൽ ദത്തിയും ചേർന്ന് 2006 ഡിസംബർ

8–ന് ഇന്ത്യാ ഗവൺമെന്റുമായി ഒരു ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഇതനുസരിച്ച് കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റിന്റെ വ്യവസ്ഥകളും അംഗീകരിക്കുകയായിരുന്നു, പ്രത്യേകിച്ച് ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷന്റെ കീഴിൽ വരുന്ന ഗ്രാന്റുകൾ, ഇന്ത്യാ ഗവൺമെന്റും പഞ്ചാബ് ഗവൺമെന്റും അമൃത്സർ മുനിസിപ്പൽ കോർപ്പറേഷനും ഒപ്പിട്ട കൈപ്പടയിൽ എഴുതിയ കുറിപ്പിലെ വാചകം ഇതാണ്: "പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ പഞ്ചാബ് ഗവൺമെന്റിന്റെ പേരിൽ 2006 ഡിസംബർ 7–ന് ചീഫ് സെക്രട്ടറി എഴുതിയ കത്ത് നമ്പർ SUDA/JNNURM/6/148" സംശയം ജനിപ്പിക്കുന്നു.

ചീഫ് സെക്രട്ടറി എഴുതിയ കത്ത് വ്യക്തമാക്കുന്നത് ഇങ്ങനെയാണ്: "ഇപ്പോഴുള്ള ജലവിതരണനിരക്കിലും ബന്ധപ്പെട്ട മറ്റു നിരക്കിലും പഞ്ചാബ് ഗവൺമെന്റ് മാറ്റം വരുത്തുമെന്നും പുറമേ മുനിസിപ്പൽ വസ്തുക്കളുടെ മേലും പ്രത്യേകിച്ച് JNNURM മായി ബന്ധമുള്ള വസ്തുക്കളുടെ മേലുമുള്ള പുതിയ നികുതിനിരക്ക് ഏർപ്പെടുത്തുമെന്നും അറിയിച്ചുകൊള്ളുന്നു.'' 2007ൽ അധികാരത്തിൽ വന്ന ശിരോമണി അകാലിദൾ – ബി.ജെ.പി. ഗവൺമെന്റ് ഇത് നടപ്പിലാക്കുന്നത് തടഞ്ഞു.

വസ്തുക്കളുടെ പുതിയ നികുതി സമ്പ്രദായം നിലവിൽ വന്നതിന് കാരണക്കാർ 2006–ലെ പഞ്ചാബ് മുഖ്യമന്ത്രിയും അമൃത്സർ മുനിസിപ്പൽ കോർപ്പറേഷൻ ചെയർമാൻ സുനിൽദത്തിയും അല്ലായിരുന്നു എന്നുള്ള കാര്യം ഇപ്പോൾ വ്യക്തമല്ലേ?